# സർവസമവാക്യങ്ങൾ

**Que.1.**

a) പൂരിപ്പിക്കുക

$p^2 - q^2 = (p + q)(......)$

b ). $100^2 - 99^2$ കണക്കാക്കുക

c.) p , q എന്നിവ തുടർച്ചയായ രണ്ട് എണ്ണൽ സംഖ്യകളാണ്. കൂടാതെ $p < q$ എങ്കിൽ

$q - p$ എത്രയായിരിക്കും

d). തുടർച്ചയായ രണ്ട് എണ്ണൽ സംഖ്യകളുടെ വർഗ്ഗങ്ങളുടെ വ്യത്യാസം അവയുടെ തുക ആയിരിക്കും എന്ന് തെളിയിക്കുക

**[Marks :(4)]**

**Ans.**

$p^2 - q^2 = (p + q)(p - q)$ (1)

$100^2 - 99^2 = (100 + 99)(100 - 99) = 199$ (1)

$q - p = 1$ (1)

ആയത്കൊണ്ട് $q^2 - p^2 = (q + p)(q - p)$

$= q + p$ (1)

**Que.2.**

1,2,3,..... എന്നീ സംഖ്യകളെ എണ്ണൽ സംഖ്യകളെന്നാണല്ലോ വിളിക്കുന്നത്. 2 ,4,6 ,.... ഇവ ഇരട്ട സംഖ്യകൾ എന്നാണ് അറിയപ്പെടുന്നത്. എണ്ണൽ സംഖ്യകളെ രണ്ട് കൊണ്ട് ഗുണിച്ച് കിട്ടുന്ന സംഖ്യകളാണ് ഇരട്ട സംഖ്യകൾ. അതായത് എണ്ണൽ സംഖ്യകളെ n എന്നെഴുതിയാൽ 2n ഇരട്ട സംഖ്യകളാണ്. ഇരട്ടസംഖ്യകളിൽ നിന്നും 1 കുറച്ചാൽ ഒറ്റസംഖ്യകൾ കിട്ടും. അതായത്, 2n – 1 ഒറ്റസംഖ്യകളുടെ ബീജഗണിത രൂപമാണ്.

$(2n - 1)^2 = 4n^2 - 4n + 1 = 4n(n - 1) + 1$

n ഒരു ഒറ്റ സംഖ്യ ആയാൽ n - 1 ഒരു ഇരട്ടസംഖ്യകയായിരിക്കും

അതുകൊണ്ട് n ( n - 1) ഒരു ഇരട്ട സംഖ്യയാണ്. ഇതിൽ നിന്നും 4n( n - 1), എട്ടിന്റെ ഗുണിതമായിരിക്കും എന്ന് മനസ്സിലാക്കാം. അങ്ങനെയെങ്കിൽ 4n( n - 1) + 1 നെ 8 കൊണ്ടു ഹരിച്ചാൽ ശിഷ്ടം 1 ആയിരിക്കും. അതായത് , ഒറ്റസംഖ്യകളുടെ വർഗ്ഗത്തെ 8 കൊണ്ട് ഹരിച്ചാൽ ശിഷ്ടം 1 ആയിരിക്കും.

മുകളിൽ കൊടുത്തിരിക്കുന്ന ആശയം വായിച്ച് മനസ്സിലാക്കിയ ശേഷം താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

a) 50-ാമത്തെ ഇരട്ട സംഖ്യ ഏത്?

b) 100 ൽ താഴെ എത്ര ഒറ്റ സംഖ്യകളുണ്ട്?

c) 11 x 11 കണക്കാക്കുക

d) 11 x 11 ന് തൊട്ടു താഴെയുള്ള 8 ന്റെ ഗുണിതം ഏത്?

e) $(2n + 1)^2$ നെ വിസ്തരിച്ചെഴുതുക

f) $19^2 + 39^2$ നെ 8 കൊണ്ട് ഹരിച്ചാൽ ശിഷ്ടം എന്ത് കിട്ടും

[Marks :(6)]

**Ans.**

| | |
|---|---|
| *100* | *(1)* |
| *50* | *(1)* |
| *121* | *(1)* |
| *120* | *(1)* |
| $4n^2 + 4n + 1$ | *(1)* |
| *2* | *(1)* |

**Que.3.**

താഴെ കൊടുത്തിരിക്കുന്ന സമവാക്യങ്ങളിൽ വിട്ടുപോയ സംഖ്യകളെഴുതുക

a) $(y + 5)^2 = y^2 + \ldots\ldots\ldots + 10y$

b) $(2y + 3)^2 = 4y^2 + 9 + \ldots\ldots\ldots$

c) $(3y + \ldots.)^2 = 9y^2 + \ldots\ldots + 24y$

d) $12^2 + 5^2$ നോട് ഒരു എണ്ണൽ സംഖ്യ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുമ്പോൾ ഒരു പൂർണവർഗ്ഗം കിട്ടും. എങ്കിൽ സംഖ്യ ഏത്?

[Marks :(4)]

**Ans.**

| | |
|---|---|
| *25* | *(1)* |
| $2 \times 2y \times 3 = 12y$ | *(1)* |
| $(3y + .4...)^2 = 9y^2 + .16..... + 24y$ | *(1)* |
| $2 \times 12 \times 5 = 120$ | *(1)* |

**Que.4.**

1,2,3,..... എന്നീ സംഖ്യകളെ എണ്ണൽ സംഖ്യകളെന്നാണ് വിളിക്കുന്നത്.എണ്ണൽ സംഖ്യകളെ ഒറ്റ സംഖ്യകളെന്നും ഇരട്ട സംഖ്യകളെന്നും രണ്ടായി തരം തിരിക്കാം. 1,3,5,... ഇവയാണ് ഒറ്റ സംഖ്യകൾ. അടുത്തടുത്ത രണ്ട് എണ്ണൽ സംഖ്യകൾ തമ്മിലുള്ള വ്യത്യാസം എപ്പോഴും 1 ആയിരിക്കും. അതുകൊണ്ട് അടുത്തടുത്ത രണ്ട് എണ്ണൽ സംഖ്യകളുടെ വർഗ്ഗങ്ങളുടെ വ്യത്യാസം അവയുടെ തുകയ്ക്ക് തുല്യമായിരിക്കും.

ഉദാഹരണമായി $10^2 - 9^2 = (10 + 9)(10 - 9)$, $10 - 9 = 1$

ആയതിനാൽ $10^2 - 9^2 = 19$

മുകളിൽ കൊടുത്തിരിക്കുന്ന ആശയം വായിച്ച് മനസ്സിലാക്കിയ ശേഷം താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

a) 9999 നെ തുടർന്ന് വരുന്ന എണ്ണൽ സംഖ്യ ഏത്?

b) $100^2 - 99^2 =$ എന്തായിരിക്കും

c) അടുത്തടുത്ത രണ്ട് ഒറ്റ സംഖ്യകളുടെ വ്യത്യാസം എന്ത്?

d) $101^2 - 99^2$ കണക്കാക്കുക

e) a ,b ഇവ അടുത്തടുത്ത രണ്ട് ഒറ്റ സംഖ്യകളാണ്. കൂടാതെ $a^2 - b^2 = (a + b) \times k$ എങ്കിൽ k യുടെ വിലയെത്ര?

**[Marks :(6)]**

**Ans.**

*10000* (1)
*199* (1)
*2* (1)
$2(101 + 99) = 400$ (1)
$k = 2$ (1)

**Que.5.**

.

a ). $m^2 - n^2$ നെ രണ്ട് അധിസംഖ്യകളുടെ തുകയുടെയും വ്യത്യാസത്തിന്റെയും ഗുണനഫലം ബീജഗണിത രീതിയിൽ എഴുതുക.

b). $168^2 - 132^2$ കണക്കാക്കുക

**[Marks :(3)]**

**Ans.**

$m^2 - n^2 = (m+n)(m-n)$ (1)

$168^2 - 132^2 = (168 + 132)(168 - 132)$ (1)

$= 200 \times 36$

$= 7200$ (1)

**Que.6.**

a ). $(x+2)(x-2) = x^2 - k$ ആയാൽ k ഏതു സംഖ്യയാണ്.

b). $168^2 - 167^2$ കണക്കാക്കുക

**[Marks :(2)]**

**Ans.**

$k = 4$ (1)

$168^2 - 167^2 = (168 + 167)(168 - 167)$ (1)

$= 335 \times 1$

$= 335$

**Que.7.**

a). $(x+y)^2$ , $(x-y)^2$ ഇവ വിസ്തരിച്ചെഴുതുക

b). $(x+y)^2 - (x-y)^2$ എന്തായിരിക്കും ?

c) 12 നെ രണ്ട് പൂർണവർഗങ്ങളുടെ വ്യത്യാസമായി എഴുതുക

**[Marks :(5)]**

**Ans.**

a) $(x+y)^2 = x^2 + y^2 + 2xy$. (1)

$(x-y)^2 = x^2 + y^2 - 2xy$. (1)

b) $(x+y)^2 - (x-y)^2 = 4xy$. (1)

c) $12 = 4 \times 3 \times 1 = (3+1)^2 - (3-1)^2$ (1)

$= 4^2 - 2^2$ (1)

**Que.8.**

*a).* $(x + y)^2 = x^2 + y^2 + \ldots\ldots\ldots$ *ഈ സമവാക്യം പൂർത്തിയാക്കുക*

*b).* $(2x + 3)^2$ *നെ വിസ്തരിച്ചെഴുതുക*

**[Marks :(3)]**

**Ans.**

**(a)** $$(x + y)^2 = x^2 + y^2 + 2xy$$

**(b)** $$(2x + 3)^2 = (2x)^2 + 2.(2x).3 + 3^2$$

= $4x^2 + 9 + 12x$

**Que.9. x , x +1 എന്നിവ അടുത്തടുത്ത രണ്ട് എണ്ണൽ സംഖ്യകളാണ്.**

**a) അടുത്ത രണ്ട് എണ്ണൽ സംഖ്യകളെഴുതുക**

**b) ഒന്നാമത്തേയും നാലാമത്തെയും സംഖ്യകളുടെ ഗുണനഫലം കാണുക**

**c) രണ്ടാമത്തേയും മൂന്നാത്തെയും സംഖ്യകളുടെ ഗുണനഫലം കാണുക**

**d) ഒന്നാമത്തേയും നാലാമത്തെയും സംഖ്യകളുടെ ഗുണനഫലവും രണ്ടാമത്തേയും മൂന്നാത്തെയും സംഖ്യകളുടെ ഗുണനഫലവും തമ്മിലുള്ള ബന്ധം എന്ത്?**

**[Marks :(4)]**

**Ans.** a) x + 2 , x + 3

b). x ( x + 3) = $x^2$ + 3x

c). ( x + 1 ) ( x + 2 ) = $x^2$ + x + 2x + 2

= $x^2$ + 3x + 2

d). ( x + 1 ) ( x + 2 ) = x ( x + 3) + 2

**Que.10. a) . ( x + y ) ( u + v ) = xu + xv + yu + ..... ഈ സമവാക്യത്തിൽ വിട്ടുപോയ പദം എഴുതുക**

**b). ( 2x + 3 ) ( 2y + 4) നെ വിസ്തരിച്ചെഴുതുക**

**[Marks :(3)]**

**Ans.** ( x + y ) ( u + v ) = xu + xv + yu + ..yv.

( 2x + 3 ) ( 2y + 4) = 2x . 2y + 2x . 4 + 3 x 2y + 3 x4

= 4xy + 8x + 6y + 12

**Que.11. a) ( x + 1) ( y + 1) എന്നതിനെ വിസ്തരിച്ചെഴുതുക**

**b) 51 x 41 എത്രയാണ്**

**[Marks :(3)]**

**Ans.** ( x + 1) ( y + 1) = xy + x+ y+ 1

51 x 41 =(50 + 1 ) (40 + 1 )

= 2000 + 50 + 40 + 1

= 2091

**Que.12. താഴെ കൊടുത്തിരിക്കുന്ന സമവാക്യങ്ങൾ പൂർത്തിയാക്കുക**

**a) 28 ( 100 + 2 ) = 2800 + .............**

**b) k ( x + y ) = .............. + ............**

**c) മുകളിൽ കൊടുത്തിരിക്കുന്ന ആശയം ഉപയോഗിച്ച് 18 x 105 കാണുക**

**[Marks :(4)]**

**Ans.** (a) 28 ( 100 + 2 ) = 2800 + ....56

b) k ( x + y ) = ...kx ........ + ...ky

18 x 105 = 18 ( 100 + 5)

= 1800 + 90

= 1890

**Que.13.**

a). $(x + y)^2$ , $(x - y)^2$ ഇവ വിസ്തരിച്ചെഴുതുക

b). $(x + y)^2 + (x - y)^2$ എന്തായിക്കും

c) $2(6^2 + 4^2)$ നെ രണ്ട് പൂർണവർഗങ്ങളുടെ തുകയായി എഴുതുക

.

**[Marks :(4)]**

**Ans.**

a).$(x+y)^2 = x^2 + y^2 + 2xy$. (1)

$(x-y)^2 = x^2 + y^2 - 2xy$. (1)

b) $(x+y)^2 + (x-y)^2 = 2(x^2 + y^2)$ (1)

c). $2(6^2 + 4^2) = 10^2 + 2^2$ (1)

**Que.14. a). x( a+b) = xb + ....... ഈ സമവാക്യത്തിൽ വിട്ടുപോയ പദം ഏതാണ്?**

**b). മുകളിൽ കൊടുത്തിരിക്കുന്ന ആശയം ഉപയോഗിച്ച് 38 x 102 കാണുക**

**[Marks :(3)]**

**Ans.** x b

38 x 102 = 38 ( 100 +2)

= 3800+ 76

= 3876

**Que.15. a). 3 n , 3 n + 1 , 3 n + 2 ഇവയുടെ വർഗ്ഗങ്ങൾ കാണുക**

**b). പൂർണവർഗ്ഗസംഖ്യകളെ 3 കൊണ്ട് ഹരിക്കുമ്പോൾ ശിഷ്ടമായി വരുന്ന സംഖ്യകൾ ഏതെല്ലാം**

**[Marks :(4)]**

**Ans.**

a). $(3n)^2 = 9n^2$ (1)

$(3n+1)^2 = 9n^2 + 6n + 1$ (1)

$(3n+2)^2 = 9n^2 + 12n + 4$ (1)

b). reminders are 0 and 1 (1)